"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ / സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ, സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് - ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

---

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.240/2024/Co-Op തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 17/05/2024, 24/05/2024 എന്നീ തീയതികളിലെ ആർ.സി.എസ്./04/2024- ഇ.ബി.(1) നമ്പർ കത്ത്.

**ഉത്തരവ്**

സഹകരണ വകുപ്പിലെ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ, സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് ചുവടെ പറയും പ്രകാരം സ്ഥാനക്കയറ്റവും നിയമനവും നൽകി ഉത്തരവാകുന്നു.

**107800-160000 രൂപ ശമ്പള സ്കെയിലിലുള്ള സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം.**

തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), ശ്രീ.ഇ.നിസാമുദ്ദീനെ (പെൻ 159321) സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിലെ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

**95600-153200 രൂപ ശമ്പള സ്കെയിലിലുള്ള സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/ നിയമനം.**

കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ, സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ശ്രീ.ഷാജി ജെ.ജോൺ (പെൻ 175537) നെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക്

ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ.ഇ.നിസാമുദ്ദീന് (പെൻ 159321) ഉദ്യോഗക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവിലേക്ക് നിയമിക്കുന്നു.

<u>63700 - 123700 രൂപ ശമ്പള സ്കെയിലിലുള്ള സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം.</u>

1. കൊല്ലം പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ കം സെയിൽ ഓഫീസർ ശ്രീമതി എസ്.ഉഷയ്ക്ക് (പെൻ 175520) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ശ്രീ.ഷാജി ജെ.ജോൺ (പെൻ 175537) ന് ഉദ്യോഗക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവിലേക്ക് നിയമിക്കുന്നു.

2. കണ്ണൂർ ചൊവ്വ സഹകരണ റൂറൽ ബാങ്കിലെ സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ ശ്രീമതി എം.കെ.മൃദുലയെ (പെൻ 312490) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ് & ഐ.സി.ഡി.പി.) ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

3. തൃശ്ശൂർ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.റ്റി.കെ.രവീന്ദ്രനെ (പെൻ 363989), സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി കേരള സംസ്ഥാന സഹകരണ ബാങ്ക് ആലപ്പുഴ റീജിയണിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

4. പത്തനംതിട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മല്ലപ്പള്ളി ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ശ്രീമതി എം.പി. സുജാതയെ (പെൻ 183621) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി കേരള സംസ്ഥാന സഹകരണ ബാങ്ക് കോട്ടയം റീജിയണിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

5. കൊല്ലം, കുന്നത്തൂർ (ശാസ്താംകോട്ട) സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ശ്രീമതി ജെ.ശോഭനയെ (പെൻ 183415) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയണിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

6. തിരുവനന്തപുരം, നെയ്യാറ്റിൻകര ഗവൺമെന്റ് സർവ്വന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ ശ്രീമതി ജി.ശ്രീജയയെ (പെൻ 159399) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം

സഹകരണ പരിശീലന കേന്ദ്രത്തിലെ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/ പ്രിൻസിപ്പൽ ആയി നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

മേൽ ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും 2024-ലെ ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഡ്യൂട്ടി നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യാവു എന്ന് നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമൃത്‌ലാൽ എ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (/എ1/67/2024/സഹ)

ഉത്തരവിൻ പ്രകാരം

(for) സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. -ക്ക്